# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 17, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| ഊർജ്ജ വകുപ്പുമന്ത്രി |
| സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

ആദിവാസി മേഖലയിലെ ശിശുമരണങ്ങൾ തടയാൻ നടപടി

*181 ശ്രീമതി കെ.കെ. ലതിക
ശ്രീ. എ.കെ. ബാലൻ
,, ജെയിംസ് മാത്യൂ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവും മൃഗശാലയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസിമേഖലയിൽ ഇപ്പോഴും ശിശുമരണങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശിശുമരണങ്ങൾ തടയുന്നതിന് ആദിവാസി മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഒടുവിലത്തെ അവലോകന വിവരങ്ങൾ വിശദമാക്കാമോ;

(സി) ശിശുമരണങ്ങൾ തടയുന്നതിനും രോഗപ്രതിരോധം സാധ്യമാക്കുന്നതിനും ഈ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ലെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം</u>

*182 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എല്ലായിടത്തും സംയോജിത ചെക്ക് പോസ്റ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>സൗരോർജ്ജ വൈദ്യുതി</u>

*183 ശ്രീ. ലൂഡി ലൂയിസ്
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജ്ജത്തിന് മുൻതൂക്കം നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കാണ് പ്രസ്തുത നിയമം ബാധകമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

യുവ സംരംഭകർക്ക് തുടർ സഹായത്തിനുള്ള പദ്ധതി

*184 ശ്രീ. ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനസംരംഭകർക്ക് തുടർ സഹായത്തിന് യുവജന ക്ഷേമ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവാക്കളിൽ സംരംഭകമനോഭാവം വളർത്തി സ്ഥാപനങ്ങളുടെ പ്രവർത്തനം സാമ്പത്തികമായി തൃപ്തികരമാക്കുന്നതുവരെ സാമ്പത്തിക-സാങ്കേതിക സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം സാമ്പത്തിക ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്</u>

*185 ശ്രീ. രാജു എബ്രഹാം
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. ദാസൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക അസ്ഥിരത വർദ്ധിച്ചു വരുന്നതായുള്ള കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ;

(ബി) റവന്യൂ കമ്മി ഇല്ലാതാക്കാൻ ലക്ഷ്യമിട്ട് കൊണ്ടു വന്ന ധന ഉത്തരവാദിത്ത നിയമത്തിലെ റവന്യൂ-ധനകമ്മി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായ റിപ്പോർട്ടിലെ പരാമർശം പരിശോധിച്ചിട്ടുണ്ടോ;

(സി) ധന ദുർവിനിയോഗം, പണാപഹരണം തുടങ്ങിയ കേസ്സുകളിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചില്ല എന്ന റിപ്പോർട്ടിലെ പരാമർശത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കേരള ഭാഗ്യക്കുറി നേരിടുന്ന പ്രതിസന്ധി</u>

*186 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പി. കെ. ഗുരുദാസൻ
,, സി. കൃഷ്ണൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭാഗ്യക്കുറി നേരിടുന്ന പ്രതിസന്ധിയെ അതിജീവിക്കാൻ സത്വര നടപടി സ്വീകരിക്കാമോ;

(ബി) കേരള ഭാഗ്യക്കുറി സംരക്ഷണ സമിതി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; നിർദ്ദേശങ്ങളിൻമേൽ സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) ടിക്കറ്റു വില വർദ്ധിപ്പിച്ചുകൊണ്ട് സമ്മാനങ്ങൾ വെട്ടിക്കുറച്ച സർക്കാർ നടപടി ലോട്ടറി മേഖലയെ ഏതെല്ലാം നിലയിലാണ് പ്രതിസന്ധിയിലാക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

സഹകരണ സംഘങ്ങൾക്ക് ലഭിച്ചിരുന്ന ആദായ നികുതി ഇളവ്

*187

ശ്രീ. ജി. സുധാകരൻ
,, എം. ഹംസ
,, കെ. വി. വിജയദാസ്
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾക്ക് ആദായ നികുതി അടയ്ക്കുന്നതിൽ നിന്നും ഐ.ടി. ആക്ട് 80 (പി) അനുസരിച്ച് ലഭിച്ചുകൊണ്ടിരുന്ന ഇളവ് കേന്ദ്ര സർക്കാർ എടുത്ത് കളഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ ഉൾപ്പെടെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും പുതിയ നികുതി ഭാരം അനുഭവപ്പെട്ടിരിക്കുന്നതായി അറിയാമോ; സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഇത് തകർക്കാനിടയാക്കിയിരിക്കുകയാണെന്നറിയാമോ;

(സി) കേന്ദ്ര സർക്കാർ നിലപാട് മൂലമുണ്ടാകുന്ന തകർച്ചയിൽ നിന്നും സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയിലെ ചൂഷണം</u>

*188 ശ്രീ. ബി. ഡി. ദേവസ്സി
,, കെ. രാധാകൃഷ്ണന്‍
,, പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവും മൃഗശാലയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസി മേഖലയിലുള്ളവര്‍ ഇപ്പോഴും ചൂഷണത്തിന് ഇരയാകുന്നതായ വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത്തരത്തില്‍ ചൂഷണം ചെയ്യപ്പെടുന്നതില്‍ നിന്നും ഇവര്‍ക്ക് സംരക്ഷണം നല്‍കുന്നതിന് നിലവിലുള്ള സംവിധാനങ്ങള്‍ എത്രത്തോളം പര്യാപ്തമാണ്;

(സി) ആദിവാസികള്‍ക്ക് എല്ലാവിധ ചൂഷണത്തില്‍ നിന്നും സംരക്ഷണം നല്‍കുന്നതിന് പുതിയ സംവിധാനം ഏര്‍പ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ ഡിജിറ്റൽ കേരളം</u>

*189 ശ്രീ. കെ. അച്ചുതൻ
'' വി. റ്റി. ബൽറാം
'' ഷാഫി പറമ്പിൽ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഡിജിറ്റൽ കേരളത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതു വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സാമ്പത്തികാവസ്ഥ സംബന്ധിച്ച ധവളപത്രം</u>

*190 ശ്രീ. വി. ശിവൻകുട്ടി
ഡോ. ടി.എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധവളപത്രം പുറപ്പെടുവിച്ചുകൊണ്ട് ഈ സർക്കാർ, സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥയിൽ മാറ്റം വരുത്താൻ എന്തൊക്കെ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമെന്നാണ് പ്രഖ്യാപിച്ചത്; ഇവയിൽ നടപ്പിലാക്കിയവ ഏതൊക്കെ ; അവശേഷിക്കുന്നവ ഏതൊക്കെ ;

(ബി) ഏതെല്ലാം സാമ്പത്തിക അസന്തുലിതാവസ്ഥകളാണ് കുറച്ചത് ; നികുതി വരുമാനം സ്ഥായിയായി വർദ്ധിപ്പിക്കുകയുണ്ടായോ ; വിശദമാക്കുമോ ;

(സി) ഏതെല്ലാം നിലയിലുള്ള അനാവശ്യ ഭരണചെലവുകളും അധിക ചെലവുകളും കുറച്ചുകൊണ്ടു വരുകയുണ്ടായി ; വ്യയ നിയന്ത്രണത്തിനായി പുറപ്പെടുവിച്ച എക്കണോമി ഓർഡേഴ്സ് ഏതെങ്കിലും നടപ്പിലാക്കുകയുണ്ടോയോ ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>സബർബൻ റെയിൽവേ</u>

*191 ശ്രീ. കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്
'' കെ. ശിവദാസൻ നായർ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബർബൻ റെയിൽവേ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്. വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച സാധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിക്കായി എത്ര കോടി രൂപയുടെ ചെലവാണ് പ്രതിക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) 'മിഷൻ 676'ൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>നബാർഡിന്റെ കാർഷിക പുനർവായ്പാ പദ്ധതി</u>

*192 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനർവായ്പ നൽകുന്നതിന് നബാർഡ് കടുത്ത നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത് മൂലം സംസ്ഥാനത്തെ സഹകരണബാങ്കുകളിൽ നിന്നും കൃഷിക്കാർക്ക് കാർഷികവായ്പ ലഭിക്കാതിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം കാർഷിക മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാരും നബാർഡും തമ്മിലുള്ള ധാരണക്കുറവ് മൂലമാണ് കാർഷിക പുനർ വായ്പ സഹായം നഷ്ടമാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) കാർഷിക മേഖലയിൽ പുനർവായ്പ നൽകുന്നതടക്കമുള്ള നബാർഡിന്റെ നിലപാടുകൾ മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2014–ലെ മറുപടിക്ക്

<u>സ്വയം സംരംഭക വികസന മിഷന്റെ പ്രവര്‍ത്തനം</u>

*193 ശ്രീ. സി. മോയിന്‍കുട്ടി
,, സി. മമ്മൂട്ടി
,, കെ. എന്‍. എ. ഖാദര്‍
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സ്വയം സംരംഭക വികസന മിഷന്റെ പ്രവര്‍ത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കില്‍ അതു സംബന്ധമായ വിശദവിവരം നല്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ച എത്ര ഗ്രൂപ്പുകള്‍ പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ട് ; അവയില്‍ ഉല്പാദനം ആരംഭിച്ചവ എത്ര ;

(സി) നടപ്പുവര്‍ഷവും ഈ പദ്ധതി തുടരുന്നുണ്ടോ ; എങ്കില്‍ എത്ര ഗ്രൂപ്പുകളെ പ്രവര്‍ത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>പാറ ഖനനം</u>

*194 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' കെ. അജിത്
'' ഇ. കെ. വിജയൻ
'' ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാറമടകളിൽ ഖനനത്തിന്റെ പരാമാവധി ആഴം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അടിയായിട്ടാണ് പരിധി നിജപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാറ ഖനനത്തിന് ആഴ പരിധി ബാധകമല്ലാതാക്കിയിട്ടുണ്ടോ;

(സി) ആഴ പരിധി ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് ഒരു പഠനം നടത്തുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>വൈതരണി കൽക്കരിപ്പാടം</u>

*195 ശ്രീമതി കെ.എസ്. സലീഖ
ശ്രീ. എം.എ. ബേബി
'' എ.കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറീസയിലെ വൈതരണിയിൽ കേരളത്തിന് അനുവദിച്ചിരുന്ന കൽക്കരിപ്പാടം മുൻ കേന്ദ്ര സർക്കാർ തിരിച്ചെടുത്തിട്ടുണ്ടോ ; നിലവിലുള്ള സ്ഥിതിയെന്താണെന്ന് അറിയിക്കുമോ ;

(ബി) കേന്ദ്ര സർക്കാർ നടപടി പുനഃപരിശോധിക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളത് ; ഇതിനകം നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നിയമ നടപടികൾക്ക് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ നിലവിലുള്ള സ്ഥിതി അറിയിക്കുമോ;

(ഇ) ഇപ്പോഴത്തെ കേന്ദ്രസർക്കാരിനോട് സംസ്ഥാനത്തിന്റെ ആവശ്യം വീണ്ടും ഉന്നയിക്കുകയുണ്ടോയോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം</u>

*196 ശ്രീ. പി. കെ. ഗുരുദാസൻ
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' സി. കെ. സദാശിവൻ
'' ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കരിമണൽ കള്ളക്കടത്ത് അടക്കം കണ്ടെത്തി നടപടിയെടുക്കാൻ ബാദ്ധ്യതപ്പെട്ട വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ;

(സി) അന്യ സംസ്ഥാനത്തു നിന്നുള്ളവരുൾപ്പെടെ കരിമണൽ കള്ളക്കടത്ത് നടത്തി വൻ സമ്പത്ത് കൊള്ളയടിച്ചതായി ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള കള്ളക്കടത്ത് തടഞ്ഞ് സംസ്ഥാനത്തിന്റെ സമ്പത്ത് സംരക്ഷിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് ശക്തമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2014–ലെ മറുപടിക്ക്

<u>അതിവേഗ റെയിൽപ്പാത</u>

*197 ശ്രീ. കെ. ദാസൻ
,, ഇ. പി. ജയരാജൻ
'' കെ. കെ. നാരായണൻ
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ റെയിൽപ്പാത നിർമ്മിക്കുന്നതിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത്; ഇതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം; വ്യക്തമാക്കുമോ;

(സി) കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പാതയ്ക്ക് നിർദ്ദേശിക്കപ്പെട്ട റൂട്ട് വിശദമാക്കാമോ; എത്ര മീറ്റർ വീതിയിൽ എത്ര കി. മീറ്റർ ദൂരത്തിൽ ഭൂമി അക്വയർ ചെയ്യേണ്ടതായി വരുമെന്ന് കണക്കാക്കുന്നു; പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് എത്ര; ഏതെല്ലാം സ്രോതസ്സുകളിലൂടെ കണ്ടെത്താനുദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ലാഭപ്രഭ പദ്ധതി</u>

*198 ശ്രീ. പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ എന്തെല്ലാം പ്രോൽസാഹനങ്ങളും സമ്മാനപദ്ധതികളുമാണ് ലാഭ പ്രഭ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞി ട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ;

(സി) ലാഭപ്രഭ പദ്ധതി മുഖേന സമ്മാനങ്ങൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശ ങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 17.06.2014–ലെ മറുപടിക്ക്

<u>ഖനനപദ്ധതികൾ</u>

*199 ശ്രീ. കെ. എം. ഷാജി
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതിക വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ എക്സ്പ്ലൊറേഷൻ വിഭാഗം നടത്തിയ പഠനങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് ലാഭകരമായി ഖനനം ചെയ്യാവുന്ന എന്തൊക്കെ ധാതുക്കളും മെറ്റൽ അയിരുകളും ലഭ്യമാണെന്നതു സംബന്ധിച്ച പൂർണ്ണവിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനതാത്പര്യസംരക്ഷണാർത്ഥം നടത്തുന്ന ഖനനത്തിനെതിരെ ഉയരാറുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കണ്ടെത്താനും, ഖനനപ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സ്ഥിതി വിശേഷം ഒഴിവാക്കാനും സ്ഥിരം സംവിധാനമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വികസന വായ്പാ ഫണ്ടിന്റെ വകമാറ്റി ചെലവഴിക്കൽ</u>

*200 ശ്രീ. എ. എം. ആരിഫ്
,, എളമരം കരീം
,, ബി. സത്യൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വർദ്ധനവിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾക്ക് പൊതുവിപണിയിൽ നിന്നും എടുക്കാൻ അനുവദിക്കുന്ന കടം നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് കടം എടുത്തിട്ടുള്ളത്; വികസന പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; റവന്യൂ ചെലവുകൾക്ക് എത്ര തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി</u>

*201 ശ്രീ. ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത്;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ആരെയൊക്കെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>സഹകരണ സ്ഥാപനങ്ങളുടെ വായ്പാ വ്യവസ്ഥ</u>

*202 ശ്രീ. വി. ശശി
,, സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വായ്പകൾക്കുള്ള വ്യവസ്ഥകൾ ഉദാരമാക്കി ഉത്തരവായിട്ടുണ്ടോ;

(ബി) ജാമ്യ വ്യവസ്ഥകളിൽ എന്തെല്ലാം ഇളവുകളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തിരിച്ചടവ് സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) പലിശയിനത്തിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ, നിലവിലുണ്ടായിരുന്ന നിരക്കും പുതുക്കിയ നിരക്കുകളും തമ്മിൽ താരതമ്യം ചെയ്യുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ സഹകരണമേഖലയുടെ പ്രവർത്തനം

*203 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല എപ്രകാരമാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് തുടങ്ങാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 17.06.2014–ലെ മറുപടിക്ക്

<u>പവർകട്ടും ലോഡ്ഷെഡിംഗും</u>

*204 ശ്രീ. സി. കെ. നാണു
,, മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പവർകട്ടും ലോഡ് ഷെഡിംഗും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മുല്ലപ്പെരിയാർ ഡാമിലെ അപകട ഭീഷണി മൂലം ഇടുക്കി റിസർവോയറിലെ ജലം തുറന്നുവിടാൻ നടപടി സ്വീകരിച്ചിരുന്നോ;

(ഡി) എങ്കിൽ അത് വൈദ്യുതി ഉത്പാദനത്തെ എത്രമാത്രം ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരണം</u>

*205 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് കോർപ്പറേഷൻ രൂപീകരണത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പാർപ്പിട വികസനത്തിന് സഹായമാകും വിധം കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം

*206 ശ്രീ. മാത്യൂ റ്റി. തോമസ്
,, ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും അപാകതകൾ ഈ വർഷം കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ അപകാതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്താൻ നടപടി</u>

*207 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കെൽട്രോൺ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ കൂടുതൽ നവീകരണ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡ് ഫാർമസികോളേജിന്റെ പ്രവർത്തനം തുടങ്ങാൻ നടപടി</u>

*208 ശ്രീ. പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഫാർമസികോളേജ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ആയതിന് ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) നീതി മെഡിക്കൽ സ്റ്റോറുകളുടെ വ്യാപകമായ പ്രവർത്തനത്തിന് ഇതിന്റെ പ്രവർത്തനം എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഏത് അധ്യയനവർഷം മുതലാണ് കോളേജിൽ ക്ലാസ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

പ്ലാസ്റ്റിക് മാലിന്യങ്ങൾ

*209 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക, കാർഷിക മലിനീകരണ പ്രശ്നങ്ങളെ സംബന്ധിച്ച് 'തണൽ' എന്ന സന്നദ്ധ സംഘടന വഴി നടത്തിയ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കുമോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പ്ലാസ്റ്റിക് റീസൈക്ലിംഗ്, നിർമ്മാർജ്ജന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ നടപടികൾമൂലം പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായെന്ന് വിശദമാക്കുമോ;

(സി) മാലിന്യശേഖരണം, റീസൈക്ലിംഗ്/ഷ്രെഡിംഗ് കേന്ദ്രത്തിലേയ്ക്കുള്ള ട്രാൻസ്പോർട്ടേഷൻ, അതിനുശേഷമുള്ള പുനരുപയോഗം എന്നീ കാര്യങ്ങളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി

*210 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ.കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതിയുടെ നിർമ്മാണം എന്നാണ് തുടങ്ങിയത്;

(ബി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; പണി കൃത്യമായി പുരോഗമിക്കുന്നതിൽ എന്ത് തടസ്സമാണുള്ളതെന്നും ഇക്കാര്യത്തിൽ സർക്കാർ എന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 8.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.